**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 482** **08-11-2021 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായ മേഖലയിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കയർഫെഡ്, കയർ കോർപ്പറേഷൻ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രവർത്തനം കയർ വ്യവസായ മേഖലയ്ക്ക് ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | കയർഫെഡ് : കേരളത്തിലെ കയർപിരി സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ചകിരി വിതരണം ചെയ്യുന്നതും സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും സംഭരിച്ച് സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് വിപണനം ചെയ്യുന്നതും കയർഫെഡാണ്. സംഘങ്ങൾക്ക് ആവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ ടെൻണ്ടർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. വർഷം മുഴുവൻ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നതിന് ഇതുമൂലം സാധിച്ചിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയും കയർഫെഡ് നടത്തിവരുന്നു. കയർ ഭൂവസ്ത്ര പദ്ധതിയുടെ നോഡൽ ഏജൻസികളിലൊന്നാണ് കയർഫെഡ്. കയർ ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരിയ്ക്കുന്നതിന് കയർഫെഡ് എക്സിബിഷനുകൾ നടത്തുകയും ഉത്സവകാലങ്ങളിൽ ഡിസ്കൗണ്ട് നൽകി കയർ ഉൽപ്പന്നങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് : കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ പ്രവർത്തനം ചുവടെ വിവരിക്കുന്ന പദ്ധതികളിലൂടെ കയർ വ്യവസായ മേഖലയ്ക്ക് വിവിധ രീതികളിൽ പ്രയോജനപ്പെടുന്നു. 1. 2007-ൽ തുടങ്ങിയ ക്രയവില സ്ഥിരതാ പദ്ധതി നടത്തിപ്പുവഴി കയർ മേഖലയിലെ ഇടനിലക്കാരുടെ ചൂഷണങ്ങൾ പൂർണ്ണമായും ഇല്ലാതാക്കി, ഉത്പന്നങ്ങൾക്ക് ന്യായവിലയും, കയർ മേഖലയിലെ പതിനായിരകണക്കിന് തൊഴിലാളികൾക്ക് അർഹമായ വേതനവും, പരമാവധി തൊഴിൽദിനങ്ങളും ഉറപ്പ വരുത്താനും സാധിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എഴുപത്തഞ്ചോളം ചെറുകിട ഉത്പാദക |

| | | | |
|---|---|---|---|
| | | | സഹകരണസംഘങ്ങൾ വഴി ചെറുകിട ഉത്പാദകർ ഉത്പാദിപ്പിക്കുന്ന കയർ ഉത്പന്നങ്ങൾ പൂർണ്ണമായും സംഭരിക്കുന്നതിനും, അത് വിവിധ കയറ്റുമതി സ്ഥാപനങ്ങൾക്ക് വിറ്റഴിക്കുവാനും സാധിച്ചിട്ടുണ്ട്. 2. കയർ ഭൂവസ്ത്രത്തിന്റെ ഉത്പാദനവും വിപണനവും:- കയർ മേഖലയിലെ വിപ്ലവകരമായ കുതിച്ചു ചാട്ടത്തിന് കാരണമായ ഉത്പന്നമാണ് കയർ ഭൂവസ്ത്രം. പരിസ്ഥിതി, മണ്ണ്-ജലസംരക്ഷണത്തിനും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗപ്പെടുത്തി വരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന വിവിധ പ്രവർത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുക വഴി ആയിരക്കണക്കിന് കയർ തൊഴിലാളികൾക്ക് മുടങ്ങാതെ തൊഴിൽ ലഭ്യമാക്കാൻ സാധിക്കുന്നു. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് : കേരള കയർ തൊഴിലാളി ക്ഷേമനിധി നിയമം പ്രാബല്യത്തിൽ വന്ന 1987-നു മുമ്പ് തൊഴിലിൽ നിന്നും വിരമിച്ച തൊഴിലാളികൾക്കും, ക്ഷേമനിധിയിൽ അംഗമായ ശേഷം വിരമിക്കുന്ന തൊഴിലാളികൾക്കും പെൻഷൻ, മരണപ്പെട്ട അംഗങ്ങളുടെ / പെൻഷണറുടെ ജീവിത പങ്കാളിക്ക് കുടുംബ പെൻഷനും റിട്ടയർമെൻറ് ഗ്രാറ്റുവിറ്റിയും, തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമായി ക്ഷേമനിധിയിൽ നിന്നും വ്യവസ്ഥകൾക്കു വിധേയമായി വിവിധങ്ങളായ ക്ഷേമാനുകൂല്യങ്ങൾ മുതലായവ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്നു. വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, ശാരീരിക അവശതക്കുള്ള പ്രത്യേക ധനസഹായം, അപകട മരണ നഷ്ടപരിഹാരം, ശവസംസ്കാര ധനസഹായം, അംഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള ധനസഹായം തുടങ്ങി ഒട്ടേറെ ക്ഷേമ പദ്ധതികളാണ് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്നത്. |
| (ബി) | കയർ വ്യവസായ രംഗത്ത് പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണത്തിന് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (ബി) | കയർ വ്യവസായ മേഖലയിൽ പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം നടപ്പാക്കുന്നതിനായി കയർ രണ്ടാം പുന:സംഘടനാപദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (സി) | കയർ മേഖലയുമായി ബന്ധപ്പെട്ട് ഗവേഷണ, വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദാംശം നൽകാമോ? | (സി) | ഉണ്ട്. കയർ മേഖലയുമായി ബന്ധപ്പെട്ട് ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള സർക്കാർ സ്ഥാപിച്ച ഗവേഷണ സ്ഥാപനമാണ് നാഷണൽ കയർ റിസേർച്ച് ആൻഡ് മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ). |

| | | | |
|---|---|---|---|
| | | | എൻ.സി.ആർ.എം.ഐ വികസിപ്പിച്ചെടുത്ത കയർ ഭൂവസ്ത്രം വിതാനിക്കാനുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് കയർ വികസന വകുപ്പും, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കി വരുന്നത്. കയർ ജിയോ സെൽ, കയർ മൾച്ചിംഗ് മാറ്റുകൾ, അക്വസ്റ്റിക് പാനൽ, ബൈൻഡർലെസ് ബോർഡ്, ട്രൈക്കോപിത്ത് തുടങ്ങിയ നിരവധി നൂതനകളായ ഉൽപ്പന്നങ്ങൾ എൻ.സി.ആർ.എം.ഐ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇളനീർ തൊണ്ട് പുതയിടീൽ വസ്തുവാക്കി മാറ്റുന്നതിന് വേണ്ട മെഷീൻ വികസിപ്പിച്ചിട്ടുണ്ട്. മണിക്കൂറിൽ രണ്ട് മീറ്റർ വീതിയിൽ 180 മീറ്റർ വരെ കയർ ഭൂവസ്ത്രം ഉത്പാദിപ്പിക്കാനുള്ള ഓട്ടോമാറ്റിക് പവർ ലൂം എൻ.സി.ആർ.എം.ഐ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയർ പിത്തിൽ നിന്ന് മറ്റു മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ചകിരി നാരിന്റെ മൃദുത്വം വർദ്ധിപ്പിച്ച് സ്പിന്നെബിലിറ്റി കൂട്ടി വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ